മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഗവൺമെന്റിന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോൾ മുൻ ഗവൺമെന്റിന്റെ കാലം മുതൽ നിയമനനിരോധനം ഏർപ്പെടുത്തിയിരുന്നു. ഈ ഗവൺമെന്റ് നിയമനനിരോധനം പൂർണ്ണമായും എടുത്തു കളഞ്ഞിരിക്കുകയാണ്. നിയമനനിരോധനം നിലവിലിരുന്ന കാലഘട്ടത്തിൽ പല ലിസ്റ്റിന്റേയും കാലാവധി കഴിഞ്ഞ അവസരത്തിൽ ഗവൺമെന്റ് ഉദ്യോഗാർത്ഥികളുടേതല്ലാത്ത കുറ്റത്തിന് നിയമനം നീണ്ടുപോയതിനാൽ ഉദ്യോഗാർത്ഥികളെ ശിക്ഷിക്കാതിരിക്കാൻവേണ്ടി ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ തീരുമാനിച്ചു. ചില ലിസ്റ്റിന്റെ കാര്യത്തിൽ പി.എസ്.സി. സഹായകരമായ നിലപാടല്ല സ്വീകരിച്ചത്. ഗവൺമെന്റിന് ഇക്കാര്യത്തിൽ പി.എസ്.സി.-യോട് അഭ്യർത്ഥിക്കാൻ മാത്രമേ സാധിക്കൂ. അവസാന തീരുമാനം എടുക്കേണ്ടത് പി.എസ്.സി.-യാണ്. ഇനി മുതൽ നിയമനം ഒട്ടും വൈകാതിരിക്കാനും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്ത ഉടൻതന്നെ അഡ്വൈസ് മേടിക്കാനും വേക്കൻസിയുള്ള എല്ലാ പോസ്റ്റിലേക്കും നിയമനം നടത്തുവാനും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കാം. ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതിന് ഗവൺമെന്റ് ഒരു നടപടിക്രമം തയ്യാറാക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കാം. ഞാൻ തന്നെ ഈ സമ്മേളനത്തിനിടയ്ക്കോ അല്ലെങ്കിൽ അതു കഴിഞ്ഞോ ഉടൻതന്നെ ഇതു സംബന്ധിച്ച് റിവ്യൂ നടത്താൻ ആവശ്യപ്പെടുന്നതാണ്.

V. അറിയിപ്പ്

ശ്രീ. വി. ബാലറാം എം.എൽ.എ. സ്ഥാനം രാജിവച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. വി. ബാലറാം 2004 ഫെബ്രുവരി 20-ാം തീയതി മുതൽ കേരള നിയമസഭയിലെ തന്റെ സ്ഥാനം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയിലെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

VI. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ പി. ജെ. ജോയി, ജോണി നെല്ലൂർ, വി. കെ. ചന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ 11-ാം കേരള നിയമസഭയുടെ 8-ാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly